ലൂക്കാ 17 : 11 – 19

**2023 ആഗസ്റ്റ് 20**

## വചനസന്ദേശം

**ഫാ. സാൽവിൻ കണ്ണമ്പിള്ളി**

# സൗഖ്യത്തേക്കാൾ സുഖപ്പെടുത്തിയവനെ കണ്ടെത്തിയവൻ

യേശുവിന്റെ ജറുസലെമിലേക്കുള്ള യാത്രയ്ക്കിടയിലാണ് പത്ത് കുഷ്ഠരോഗികൾ അവനെ കാണുന്നത്. അന്നത്തെ സാഹചര്യമനുസരിച്ച് കുഷ്ഠരോഗികൾ സമൂഹത്തിന്റെ ഭാഗമായിരുന്നില്ല. ജനവാസമേഖലയ്ക്ക് പുറത്താണ് അവർ ജീവിച്ചിരുന്നത്. അതുകൊണ്ടു തന്നെ യേശുവിനെപ്പറ്റി അവർക്ക് കാര്യമായ അറിവുണ്ടാകാൻ സാധ്യത കുറവാണ്. എങ്കിലും യേശുവിന് തങ്ങളെ സുഖപ്പെടുത്താൻ സാധിക്കും എന്ന് അവർ വിശ്വസിച്ചു. അവരെ കണ്ട യേശു, പോയി തങ്ങളെ തന്നെ പുരോഹിതർക്ക് കാണിച്ചുകൊടുക്കാൻ അവരോട് ആവശ്യപ്പെട്ടു. യഹൂദനിയമമനുസരിച്ച് ഒരു വ്യക്തി കുഷ്ഠരോഗത്തിൽ നിന്ന് വിമുക്തനായി എന്ന് സാക്ഷ്യപ്പെടുത്തേണ്ടത് പുരോഹിതനാണ്. പോകും വഴി അവർ സുഖം പ്രാപിച്ചു.

രോഗം പിടിപ്പെട്ടത് മുതൽ അന്നത്തെ നിയമമനുസരിച്ച് കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും അകന്ന് ജീവിക്കുകയായിരുന്നു അവർ. പത്തിൽ ഒമ്പത് പേരും തങ്ങളുടെ പ്രിയപ്പെട്ടവരോടൊപ്പം ചേരാനായി പോയി. എന്നാൽ അവരിൽ ഒരാൾ തന്നെ സുഖപ്പെടുത്തിയ യേശുവിന് അടുത്തേക്കുപോയി അവിടുത്തെ കാല്ക്കൽ വീണ് നന്ദി പറഞ്ഞു. അവൻ ഒരു സമരിയാക്കാരനായിരുന്നു എന്ന് ലൂക്കാസുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു. നല്ല സമരിയാക്കാരന്റെ ഉപമയിലും സമരിയാക്കാരൻ നായകസ്ഥാനത്തു വരുന്നത്, വിജാതീയർക്ക് പ്രാധാന്യം നല്കുന്ന ലൂക്കാ സുവിശേഷകന്റെ മനോഭാവം വ്യക്തമാക്കുന്നുണ്ട്.

ലൂക്കായുടെ സുവിശേഷത്തിലെ ഒമ്പതാം അധ്യായത്തിൽ യേശുവിന്റെ ശിഷ്യന്മാർ സമരിയാക്കാരുടെ ഒരു ഗ്രാമത്തിലൂടെ കടന്നു പോകാൻ ശ്രമിച്ചപ്പോൾ അവർ ജറുസലെമിലേക്ക് പോകുന്ന യഹൂദരായതു കൊണ്ട് സമരിയാക്കാർ അവരെ അതിന് അനുവദിച്ചില്ല എന്ന് നാം വായിക്കുന്നുണ്ട്. യഹൂദരും സമരിയാക്കാരും തമ്മിൽ അത്തരം ഒരു ശത്രുത നിലനില്ക്കുന്ന കാലത്താണ് ഒരു യഹൂദനായ യേശുവിന്റെ കാൽക്കൽ വീണ് കുഷ്ഠരോഗവിമുക്തനായ ആ സമരിയാക്കാരൻ നന്ദി പറയുന്നത്. കാല്ക്കൽ സാഷ്ടാംഗം പ്രണമിക്കുന്നത് ഒരു ആരാധനാഭാവമാണ്. യേശുവിനെ ദൈവമായി അംഗീകരിക്കലാണ് അത്.

തങ്ങളെ പ്രിയപ്പെട്ടവരിൽ നിന്നും സമൂഹത്തിൽ നിന്നും ബഹിഷ്കൃതരാക്കിയ കുഷ്ഠരോഗത്തിൽ നിന്നും വിമുക്തരാകാൻ പത്തു കുഷ്ഠരോഗികളും തീവ്രമായി ആഗ്രഹിച്ചിരുന്നു. രോഗവിമുക്തി പ്രാപിച്ചതിനു ശേഷം അവർ സന്തോഷത്തോടെ തങ്ങളുടെ പഴയ ജീവിതത്തിലേക്ക് തിരിച്ചുപോയപ്പോൾ സമരിയാക്കാരൻ മാത്രം തന്നെ സുഖപ്പെടുത്തിയവന്റെ അടുക്കലേക്ക് പോയി. അവനോട് യേശു പറയുന്ന വാക്യം ശ്രദ്ധേയമാണ്. ''നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.'' രോഗസൗഖ്യം നേടിയവൻ ഇപ്പോൾ രക്ഷ നേടിയിരിക്കുന്നു. ബാക്കി ഒമ്പത് പേരും രോഗസൗഖ്യത്തിൽ ഒതുങ്ങി. അവരുടെ രക്ഷയെപ്പറ്റി ലൂക്കാ ഒന്നും പറയുന്നില്ല.

അത്ഭുതത്തിൽ ഒതുങ്ങി നില്ക്കാതെ അതിന്റെ ഉറവിടമായവനിലേക്ക് തിരിയുക എന്നതാണ് പ്രധാനം. സൗഖ്യത്തേക്കാൾ സൗഖ്യദായകനെ തിരിച്ചറിയുക എന്നതാണ് രക്ഷയിലേക്കുള്ള മാർഗം. ആത്മീയകേന്ദ്രങ്ങൾ അത്ഭുതങ്ങളെ ലക്ഷ്യമായി അവതരിപ്പിക്കാൻ പാടുള്ളതല്ല. അത്ഭുതങ്ങൾ ലക്ഷ്യമാകാൻ പാടില്ല. അവ മാർഗം അഥവാ മാധ്യമം ആണ്. ശിഷ്യത്വത്തിലേക്കും അതുവഴി രക്ഷയിലേക്കുമുള്ള വഴിയാണ് ഓരോ അത്ഭുതവും. അതിലുമപ്പുറം അത്ഭുതത്തെയും സൗഖ്യത്തെയും ഉയർത്തിപ്പിടിക്കുന്നത് ആത്മീയ മാർക്കറ്റിംഗ് ആയേ കാണാൻ സാധിക്കൂ. സൗഖ്യദായകനെ തിരിച്ചറിയാതെയും അനുഗമിക്കാതെയും സൗഖ്യം മാത്രം തേടുന്നവരായി നമ്മൾ മാറാതെയിരിക്കട്ടെ. അത്ഭുതത്തിന്റെ ഉറവിടമായ ദൈവത്തിലേക്ക് തിരിയാൻ കുഷ്ഠരോഗവിമുക്തനായതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്ന സമരിയാക്കാരൻ നമുക്ക് പ്രചോദനമാകട്ടെ. എ